പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.243</u> — <u>03.02.2020-ൽ മറുപടിക്ക്</u>

## കാരുണ്യാ പദ്ധതിയിൽ നിന്നും സ്വകാര്യ ആശുപത്രികളുടെ പിൻമാറ്റം

<table>
<tr><td colspan="2"><u>ചോദ്യം</u><br><br>ശ്രീ.മോൻസ് ജോസഫ്<br>,, സി.എഫ്.തോമസ്</td><td colspan="2"><u>ഉത്തരം</u><br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)</td></tr>
<tr><td>എ)</td><td>കാരുണ്യാ ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പാക്കിയതു വഴി കിട്ടാനുള്ള കടിശ്ശികയുടെ പേരിൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ പദ്ധതിയിൽ നിന്നും പിൻമാറുന്ന സാഹചര്യത്തിൽ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;</td><td rowspan="2">എ)<br>&<br>ബി)</td><td rowspan="2">കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴിയുള്ള കിട്ടാനുള്ള കടിശികയുടെ പേരിൽ സ്വകാര്യ ആശുപത്രികൾ അവരുടെ ആശങ്കകൾ പ്രകടിപ്പിച്ച സന്ദർഭത്തിൽ തന്നെ ഇടപെട്ട് അത് ദൂരീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്<br>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഇൻഷ്വറൻസ് പ്രൊവൈഡറായ കമ്പനിക്ക 2 ഗഡുക്കളിലായി തുക നൽകിയിട്ടുണ്ട്. ബാക്കി നൽകാനുള്ള തുക സംബന്ധിച്ച് പരിശോധിച്ചു വരുന്നു.</td></tr>
<tr><td>ബി)</td><td>ഈ പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഇൻഷുറൻസ് കമ്പനികൾക്ക് പണം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ; ഇതു സംബന്ധിച്ച് നിലവിൽ കടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ കടിശ്ശിക തീർക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?</td></tr>
</table>

Hari

സെക്ഷൻ ഓഫീസർ